ഭരണഭാഷ - മാതൃഭാഷ

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം, തിരുവനന്തപുരം</u>

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം -ജീവനക്കാര്യം- വകുപ്പിലെ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 29.10.2019-ലെ TCPCTP/1763/19-A2 നമ്പർ ഉത്തരവ്

2. കോട്ടയം ടൗൺ പ്ലാനറുടെ 31.10.2019-ലെ TCPKTM/1435/2019-A നമ്പർ ഉത്തരവ്

3. ശ്രീമതി.മഞ്ജു.സി, സീനിയർ ക്ലർക്കിന്റെ 09/04/19, 22/10/19 തീയതികളിലെ അപേക്ഷകൾ

---

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നമ്പർ. TCPCTP/2652/19-A2 തീയതി : 12/11/2019

---

<u>ഉത്തരവ്</u>

മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ നിന്നുള്ള പരാമർശം (1) ലെ ഉത്തരവ് പ്രകാരം കോട്ടയം നഗരാസൂത്രണ കാര്യാലയത്തിലെ സീനിയർ ക്ലർക്കായ ശ്രീമതി.നീതി ചന്ദ്രന് ഹെഡ് ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകി കാസർഗോഡ് നഗരാസൂത്രണ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുകയും ,പരാമർശം (2) ലെ കോട്ടയം നഗരാസൂത്രകന്റെ ഉത്തരവ് പ്രകാരം ശ്രീമതി.നീതി ചന്ദ്രൻ ടി കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. ശ്രീമതി.നീതി ചന്ദ്രൻ വിടുതൽ ചെയ്തത് മൂലം കോട്ടയം നഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടായ പ്രസ്തുത സീനിയർ ക്ലർക്കിന്റെ ഒഴിവിലേക്ക് മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.മഞ്ജു.സി-യെ ടിയാളുടെ പരാമർശം (3)ലെ അപേക്ഷ പരിഗണിച്ച് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു .ശ്രീമതി.മഞ്ജു.സി യഥാസമയം കോട്ടയം നാഗരാസൂത്രകൻ മുമ്പാകെ ജോലിക്കു ഹാജരാകേണ്ടതുമാണ്.

മേൽപ്പറഞ്ഞ സ്ഥലംമാറ്റത്തിന് കെ.എസ്.ആർ ഭാഗം I-ലെ ചട്ടങ്ങൾ പ്രകാരമുള്ള യാത്രാസമയത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ഗിരിജ.കെ.എസ്.
മുഖ്യനഗരാസൂത്രക

ശ്രീമതി.മഞ്ജു.സി , സീനിയർ ക്ലർക്ക്

പകർപ്പ്

1. ടൗൺ പ്ലാനർ, കോട്ടയം
2. സി.എ മുഖേന മുഖ്യനഗരാസൂത്രക

154676

GOVERNMENT OF KERALA 2017-18

3. സീനിയർ ഫിനാൻസ് ഓഫീസർ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. എ, ബി, എസ് സെക്ഷൻ സൂപ്രണ്ടുമാർ
7. വെബ് സൈറ്റ്
8. ഐ.ടി ഓഫീസർ
9. കരുതൽ ഫയൽ
10. അധികം-1